# ‘കടൽതീരം അശാന്തിയുടെ പിടിയിൽ’

## തീരദേശങ്ങളിലെ കടലാക്രണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെത്രാപ്പൊലീത്ത ആർച്ച് ബിഷപ് സൂസപാക്യം നടത്തുന്ന പത്ര സമ്മേളനം

**സ്ഥലം :** സെന്റ് ആന്റണീസ് ഹാൾ, വലിയതുറ. **തീയതി :** 14/06/2019

<u>**പ്രസിദ്ധീകരണത്തിന**</u>

ആവർത്തിച്ചാവർത്തിച്ച് ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമണ കെടുതികൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും തികഞ്ഞ നിഷേധാത്മക സമീപന മാണ് മന്ത്രിമാരുടെയും ഭരണാധികാരികളുടെയും ഭാഗത്തുനിന്നുണ്ടാകുന്നത്. ദുരന്ത ങ്ങൾ വരുന്നതിന മുമ്പ് പരിഹാരം കാണുന്നതിന പകരം ജനങ്ങളെ ദുരിതത്തിലേക്ക് വലിച്ചെറിയുന്ന സമീപനം പ്രതിഷേധാർഹമാണ്.

ഏപ്രിൽ അവസാന വാരം മുതൽ ഇന്ന് വരെ തിരുവനന്തപും തീരദേശം പ്രത്യേ കിച്ച് വലിയതുറ, കൊച്ചുതോപ്പ്, തോപ്പ് മേഖലകളിൽ 30 ഓളം കെട്ടുറപ്പുള്ള ഭവനങ്ങൾ പൂർണ്ണമായും കടലെടുത്തു. ഈ മേഖലയിൽ 80 ഓളം ഭവനങ്ങൾ കടലാക്രമണ ഭീഷ ണിയിലുമാണ്. ഇതിനകം 72 ഓളം കുടുംബങ്ങൾ വലിയതുറ ഫിഷറീസ് ഗോഡൗൺ, ബഡ്സ്ക്കൂൾ, വലിയതുറ യു.പി സ്ക്കൂൾ എന്നിവിടങ്ങളിലായി അഭയാർത്ഥികളായി കഴിയുന്നു. അവരുടെ ജീവിത അവസ്ഥ പരിതാപകരമാണ്. ആവശ്യത്തിന ഭക്ഷണമോ അടിസ്ഥാന ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളോ ഇനിയും ലഭ്യമാക്കിയിട്ടില്ല.

ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കടലാക്രമണം ഒരു സാധാരണ കാലവർഷ പ്രതിഭാസമായി കാണാൻ ഞങ്ങൾക്ക് കഴിയില്ല. 20 – 30 വർഷമായി അവിടെ താമസി ക്കുന്ന കുടംബങ്ങളുടെ ഇരു നില വീടുകൾ പോലും കടലാക്രമണത്തിൽ വീണു പോയ്കൊണ്ടിരിക്കുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ പദ്ധതിയുടെ ഭാഗമായി കടലിൽ പുലിമുട്ടുകൾ നിർമ്മിക്കുകയും കര നികത്തുകയും ചെയ്യുന്നതിന്റെ പ്രത്യാഘാതങ്ങളായി മാത്രമേ വിലയിരുത്താനാവൂ. പ്രസ്തുക തുറമുഖ നിർമ്മാണവു മായി ബന്ധപ്പെട്ടു ഉണ്ടാകുന്ന തീരശോഷണത്തിനു പരിഹാരമായി തീരം സംരക്ഷിക്കു ന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ അധികാരികളെ കണ്ട് നിവേദനങ്ങൾ ഞങ്ങൾ നൽകുകയുണ്ടായി.

24/04/2018 ൽ മുഖ്യമന്ത്രിക്കും 16/06/2018, 21/01/2019, 0/02/2019 തീയതികളിൽ ഫിഷറീസ്, റവന്യൂ, ജലസേചന വകുപ്പ് മന്ത്രിമാർക്കും പല ആവർത്തി രേഖാമൂലം നിവേദങ്ങൾ നൽകിയിരുന്നു. കടൽഭിത്തിയോ, ജിയോട്യൂബു പോലുള്ള ശാശ്വത സംവി ധാനങ്ങളോ ത്വരിതപ്പെടുത്താമെന്ന ഉറപ്പ് നൽകുന്നതല്ലാതെ തീരവും, തൊഴിലും ജന ങ്ങളുടെ ഭവനങ്ങളും സംരക്ഷിക്കുന്നതിനുള്ള യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുന്നില്ല.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട് തീരശോഷണത്തിന്റെ തോത് പഠനം നടത്തി റിപ്പോർട്ട് നൽകുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ആ റിപ്പോർട്ട് പുറത്ത് വിട്ടിട്ടില്ല. പ്രസ്തുത തുറമുഖവുമായി ബന്ധപ്പെട്ട് തീരശോഷണമുണ്ടായാൽ ബാധിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസം നടപ്പിലാക്കുന്നതിനുള്ള പൂർണ്ണ ഉത്തര

വാദിത്വം സർക്കാർ ഏറ്റെടുക്കുന്നതായി ഉറപ്പ് നൽകി കൊണ്ട് 2015 ൽ ഗവൺമെന്റ് ഓഡർ, (Go (Ms) 35/2015, Go (Rt) 577/2015) പുറത്തിറക്കിയെങ്കിലും യാതൊരു തുടർ നടപടിയും അധികാരികളുടെ ഭാഗത്തു നിന്ന് ഉണ്ടാകാത്തത് ഖേദകരമാണ്. 475 കേടി രൂപത പുനരധിവാസ പ്രവർത്തനങ്ങൾക്കായി പ്രഖ്യാപിച്ചെങ്കിലും നാളിതു വരെ ഒരു പൈസ പോലും ചിലവഴിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ മാത്രമല്ല ഇപ്പോൾ കേരളത്തിന്റെ പല തീരദേശങ്ങളിലും പ്രത്യേകിച്ച് ചെല്ലാനം പോലുള്ള തീരദേശ പ്രദേശങ്ങളിലും വലിയ നാശനഷ്ടങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മത്സ്യത്തൊഴിലാളി സമൂഹം നിലനിൽപ്പിന്റെ ഭീഷണി നേരിടുകയാണ്. തീരദേശവാസികളോടും, മത്സ്യത്തൊഴിലാളികളോടും സർക്കാരുകൾ കാണിക്കുന്ന അവഗണനയായി മാത്രമേ ഞങ്ങൾക്കിതിനെ കാണാൻ കഴിയുകയുള്ളൂ. ഇക്കാര്യങ്ങളിൽ സർക്കാർ അടിയന്തിരമായി ഇടപെട്ട് തീരദേശവാസികളുടെ ആശങ്കൾ ദൂരീകരിക്കണം.

**ഞങ്ങളുടെ പ്രധാന ആവശ്യങ്ങൾ**

1) കടലാക്രമണം മൂലം കുടി ഒഴിപ്പിക്കപ്പെട്ട്, വിവിധ ക്യാമ്പുകളിൽ കഴിയുന്ന കുടുംബങ്ങൾക്ക് മാന്യമായി കഴിയുന്നതിനുള്ള ഭക്ഷണവും അടിസ്ഥാന സൗകര്യങ്ങളും അടിയന്തിരമായി ചെയ്തുകൊടുക്കുക.
2) ഇപ്പോൾ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ ആവശ്യത്തിന് കരിങ്കല്ലും മണൽ ചാക്കുകളും ഇട്ട് ഭവനങ്ങളെ സംരക്ഷിക്കുക.
3) അശാസ്ത്രീയമായി നിർമ്മാണം മൂലം അനുദിനം അപകടം വരുത്തിവക്കുന്ന മുതലപ്പൊഴി മത്സ്യബന്ധന ഹാർബർ നിർമ്മാണം ശാസ്ത്രീയമായി പുനർ നിർമ്മിക്കുക. ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണം മൂലം അഞ്ചുതെങ്ങ്, പൂത്തുറ, താഴംപള്ളി ഭാഗങ്ങളിലെ ആ ഭാഗങ്ങളിലെ തീരശോഷണത്തിനും ജനങ്ങളുടെ പുനരധിവാസത്തിനും പരിഹാരം കണ്ടെത്തുക.
4) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് തീരശോഷണം സംഭവിക്കുന്ന പ്രദേകങ്ങൾ പ്രത്യേകിച്ച് പനത്തുറ-പൂന്തുറ ബീമാപള്ളി, ചെറിയതുറ, വലിയതുറ, തോപ്പ്, കൊച്ചുതോപ്പ്, തുടങ്ങിയ തീരദേശം കടൽഭിത്തി കെട്ടി സംരക്ഷിക്കുക.
5) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയ പാരിസ്ഥിതിക ആഘാത വിലയിരുത്തൽ റിപ്പോർട്ട് എത്രയും വേഗം പുറത്തിറക്കുക.
6) പ്രസ്തുത തുറമുഖവുമായി ബന്ധപ്പെട്ട് അനുവദിച്ചിരിക്കുന്ന പുനരധിവാസ പാക്കേജിൽ നിന്ന് അടിയന്തിരമായി കടലാക്രമണം മൂലം ഭവനം നഷ്ടപ്പെട്ട കുടുംബങ്ങളെയും, കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുക.